

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 11

# ജനങ്ങളെ പഠിപ്പിക്കുന്ന ഈശോ



# ജനങ്ങളെ പഠിപ്പിക്കുന്ന ഈശോ

കരുണ കാണിക്കുന്നവർക്കു
കരുണലഭിക്കുമെന്നും
ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ
കാണുമെന്നും, നീതി പ്രവർത്തിക്കു
ന്നവർക്കു സ്വർഗ്ഗരാജ്യം
ലഭിക്കുമെന്നും അവിടുന്നു
പഠിപ്പിച്ചു.

ഈശോയുടെ പ്രബോധനങ്ങളുടെ

ഒരു സംഗ്രഹം

**അഷ്ടഭാഗ്യങ്ങൾ**

എന്നറിയപ്പെടുന്നു...

(മത്താ. 5:3–12)

നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രമല്ല
ശത്രുക്കളെയും
സ്നേഹിക്കണമെന്ന് ഈശോ പറഞ്ഞു.

നമ്മെ ദ്രോഹിക്കുന്നവരോടു
ക്ഷമിക്കുന്നത് എങ്ങനെയെന്നു പഠിപ്പിക്കു
വാൻ ഈശോ ഇങ്ങനെ പറഞ്ഞു.

**വലത്തു കരണത്തടിക്കുന്നവന്
മറ്റേ കരണംകൂടി
കാണിച്ചുകൊടുക്കുക.**

ഇങ്ങനെയുള്ള സുവിശേഷ
സത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച
ദിവ്യഗുരുവാണ് ഈശോ..

# ഈശോ
# ലോകത്തിന്റെ
# ഗുരുനാഥൻ

ഈശോ പ്രവർത്തിച്ചതും പഠിപ്പിച്ചതുമായ
കാര്യങ്ങൾ വിശുദ്ധ ബൈബിളിലാണ്
രേഖപ്പെടുത്തിയിട്ടുള്ളത്. ബൈബിളിലൂടെ
ഈശോ നമ്മളോടു സംസാരിക്കുന്നു.

# വിശുദ്ധ ബൈബിൾ



# നമുക്കു പാടാം



സുവിശേഷ വെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ
കൈകൂപ്പി വണങ്ങിടുവിൻ.

കർത്താവേ ധരണിയിൽ നിൻ
സാക്ഷികളായ് തീർന്നിടുവാൻ
ഞങ്ങളിൻ നിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.





# നമുക്കുപ്രാർത്ഥിക്കാം

**ദിവ്യഗുരുവായ ഈശോയേ അങ്ങയുടെ**
**വചനമനുസരിച്ചു ജീവിക്കുവാൻ**
**ഞങ്ങളെ അനുഗ്രഹിക്കണമേ!**

# നമുക്ക് അനുകരിക്കാം

ഈശോയുടെ വചനങ്ങൾ കേൾക്കാൻ
ഓടിയെത്തിയ ജനങ്ങളെപ്പോലെ ഞാനും
ഉത്സാഹത്തോടെ ദൈവവചനം
കേൾക്കും..

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സുവിശേഷസത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച ദിവ്യഗുരുവാണ് ഈശോ.

* ഈശോയുടെ പ്രബോധനങ്ങളുടെ ഒരു സംഗ്രഹം അഷ്ടഭാഗ്യങ്ങൾ’ ആണ്.

* ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് “ സ്വർഗ്ഗസ്ഥനായ പിതാവേ. ബൈബിളിലൂടെയാണ് ഈശോ നമ്മോടു സംസാരിക്കുന്നത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ഈശോ പഠിപ്പിച്ച കാര്യങ്ങൾ നാം അനുസരിക്കണം.

* ഈശോയാണ് ലോകത്തിന്റെ ഗുരുനാഥൻ എന്നു നാം അംഗീകരിക്കണം, ഏറ്റുപറയണം.

* വി. ഗ്രന്ഥത്തെ ഭക്തിയോടും ആദരവോടും കൂടി സമീപിക്കണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ



* നമ്മെ ദ്രോഹിക്കുന്നവരെയും സ്നേഹിക്കുക.

* എല്ലാ പ്രയാസങ്ങളിലും ദൈവത്തെ ആശ്രയിക്കുക.

* ഈശോ പഠിപ്പിച്ച കർത്തൃപ്രാർത്ഥന ഭക്തിയോടെ ചൊല്ലുക.

* ദൈവവചനം കേൾക്കാൻ താൽപര്യം കാണിക്കുക.

* വി.ഗ്രന്ഥത്തെ ആദരവോടുകൂടി കൈകാര്യം ചെയ്യുക.


THANK
YOU